compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 നവംബർ 18
Tuesday, 18th November 2025

1201 വൃശ്ചികം 2
2nd Vrischikam 1201

1947 കാർത്തികം 27
27th Karthika 1947

വാല്യം 14
Vol. XIV

നമ്പർ / **No.** **46**

Part III

Revenue Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM C

See Rule 5(8)

NOTIFICATION

B20-10952/2025 **Dated: 26-09-2025**

Where it is expedient to publish a notification showing, revised value of land as required under section 28A of the Kerala Stamps Act 1959 read; with Sub Rule (8) of Rule 5 of the Kerala Stamp (Fixation of Fair value of land) Rule 1995, the fair value of land in Block No. 5, Resurvey No. 3/67 in Manacaud village in Thiruvananthapuram Taluk of the Thiruvananthapuram District is hereby fixed finally as shown in the schedule hereto:

S C H E D U LE

Name of District	Name of Taluk	Village and survey no with subdivision	Corporation Muncipality/ Panchayat	Ward	Classification by use	Fair value of the land Already fixed	Revised fair value of land
(1)	(2)	(3)	(4)	(5)	(6)	(7)	(8)
THIRUVANANTHAPURAM	**THIRUVANANTHAPURAM**	**MANACAUD, RESURVEY NO. 3/67 IN BLOCK 5**	**CORPORATION**	**-**	**6**	**13,20,000/- per Are**	**3,96,000/- per Are**

Sd/-
District Collector
Thiruvananthapuram

Note: Use: predominantly-Commercial/Residential/Agricultural (Wet or dry) & others.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

FORM C

See Rule 5(8)

NOTIFICATION

DCTVM/11226/2024-B20 **Dated: 07-11-2025**

Where it is expedient to publish a notification showing, revised value of land as required under section 28A of the Kerala Stamps Act 1959 read; with Sub Rule (8) of Rule 5 of the Kerala Stamp (Fixation of Fair value of land) Rule 1995, the fair value of land in Block No.110 in Resurvey No. 65 in Vanchiyoor village in Thiruvananthapuram Taluk of the Thiruvananthapuram District is hereby fixed finally as shown in the schedule hereto:

S C H E D U LE

Name of District	Name of Taluk	Village and survey no with subdivision	Corporation Muncipality/ Panchayat	Ward	Classification by use	Fair value of the land Already fixed	Revised fair value of land
(1)	(2)	(3)	(4)	(5)	(6)	(7)	(8)
THIRUVANANTHAPURAM	**THIRUVANANTHAPURAM**	**VANCHIYOOR, RESURVEY NO. 65 IN BLOCK 110**	**CORPORATION**	**-**	**5**	**19,80,000/- per Are**	**11,88,000/- per Are**

Sd/-
District Collector
Thiruvananthapuram

Note: Use: predominantly-Commercial/Residential/Agricultural (Wet or dry) & others.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിളംബരം

[2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിലെ വകുപ്പ് 6 (1) (b) പ്രകാരം]

നമ്പർ DCTVM/14471/2025-C1. 2025 ഒക്ടോബർ 10.

തിരുവനന്തപുരം ജില്ലയിൽ വർക്കല വില്ലേജിൽ മേൽവെട്ടൂർ ദേശത്ത് മൗണ്ട്മുക്ക് തണ്ണിവിള വീട്ടിൽ നിസാമുദ്ദീൻ മകൻ കാവു എന്നു വിളിക്കുന്ന മുഹമ്മദ് താഹിർ (വയസ്സ് 28) എന്നയാൾക്കെതിരെ ജില്ലാ കളക്ടറുടെ 24-9-2025 തീയതിയിലെ DCTVM/14471/2025-C1 നമ്പർ ഉത്തരവ് പ്രകാരം കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ടിലെ വകുപ്പ് 3(1) r/w 13(2) (1) പ്രകാരം കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് നടപ്പിൽ വരുത്തുന്നതിന് ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം റൂറലിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കാവു എന്നു വിളിക്കുന്ന മുഹമ്മദ് താഹിർ (വയസ്സ് 28) ഒളിവിൽ കഴിയുന്നതിനാൽ ആത്മാർത്ഥമായ എല്ലാ പരിശ്രമങ്ങളും നടത്തിയിട്ടും കണ്ടെത്താൻ കഴിയുന്നില്ലെന്നും, മേൽ ഉത്തരവ് നടപ്പിലാക്കാൻ സാധിച്ചിട്ടില്ലായെന്നും ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം റൂറൽ രേഖാമൂലം അറിയിച്ചിട്ടുള്ളതിനാലും, മേൽ പറഞ്ഞ നിസാമുദ്ദീൻ മകൻ കാവു എന്നു വിളിക്കുന്ന മുഹമ്മദ് താഹിർ-നോട് ഈ വിളംബരം കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസത്തിനകം ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം റൂറൽ മുൻപാകെ ഹാജരാകണമെന്ന് ഇതിനാൽ തെര്യപ്പെടുത്തുന്നു.

10-10-2025 തീയതി എന്റെ ഒപ്പും മുദ്രയും ചാർത്തിയിരിക്കുന്നു.

ANU KUMARI, IAS,
ജില്ലാ മജിസ്ട്രേറ്റ്,
തിരുവനന്തപുരം.

കളക്ടറേറ്റ്,
തിരുവനന്തപുരം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കളക്ടറേറ്റ് , ആലപ്പുഴ

എസ്.സി.5 - 10276/2025 തീയതി - 13/11/ 2025

വിജ്ഞാപനം

കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 , 6(1) (b) വകുപ്പ് പ്രകാരം **ആലപ്പുഴ ജില്ലയിൽ കായംകുളം വില്ലേജിൽ പെരിങ്ങാല മുറിയിൽ കുന്നേൽ വീട്ടിൽ നാസർ മകൻ 23 വയസ്സുള്ള ബോക്സർ എന്നു വിളിക്കുന്ന അദിനാൻ** എന്നയാൾക്കെതിരെ പുറപ്പെടുവിക്കുന്നത്,

ആലപ്പുഴ ജില്ലയിൽ കായംകുളം വില്ലേജിൽ പെരിങ്ങാല മുറിയിൽ കുന്നേൽ വീട്ടിൽ നാസർ മകൻ 23 വയസ്സുള്ള ബോക്സർ എന്നു വിളിക്കുന്ന അദിനാൻ എന്ന താങ്കൾ നിരന്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിലും , സമാധാന ലംഘന പ്രവർത്തനങ്ങളിലും ഏർപ്പെട്ട് സമൂഹത്തിൽ പ്രശാന്തി നഷ്ടപ്പെടുത്തുന്നുവെന്നും ആയതിനാൽ താങ്കൾക്കെതിരെ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 , 3(1) വകുപ്പ് പ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിരുന്നു . ടി റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ മേൽ വസ്തുത ശരിയാണെന്ന് എനിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 , 3(1) വകുപ്പ് പ്രകാരം താങ്കളെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള ഉത്തരവ് (03.11.2025 ലെ Sc5 10276/2025 നമ്പർ ഉത്തരവ്) ഞാൻ പുറപ്പെടുവിച്ചിട്ടുള്ളതും , ടി ഉത്തരവ് നടപ്പിലാക്കുന്നതിനായി ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നതുമാണ് . എന്നാൽ അറസ്റ്റ് ചെയ്യുന്നതിനായി സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയിട്ടും താങ്കളെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതാണെന്നും , ഒളിവിൽ കഴിഞ്ഞു വരുന്ന താങ്കൾക്കെതിരെ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 , 6(1) (എ) & 6(1) (ബി) വകുപ്പ് പ്രകാരം നടപടി സ്വീകരിക്കണമെന്നും ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ് .

ആയതിനാൽ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 14 (പതിനാല്) ദിവസത്തിനകം ആലപ്പുഴ ജില്ലാ പോലീസ് മേധാവി മുമ്പാകെയോ , കായംകുളം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ മുമ്പാകെയോ ഹാജരാകാത്ത പക്ഷം **ആലപ്പുഴ ജില്ലയിൽ കായംകുളം വില്ലേജിൽ പെരിങ്ങാല മുറിയിൽ കുന്നേൽ വീട്ടിൽ നാസർ മകൻ 23 വയസ്സുള്ള ബോക്സർ എന്നു വിളിക്കുന്ന അദിനാൻ** എന്ന താങ്കൾക്കെതിരെ BNS 2023 ലെ 84,85,87,88,89 പ്രകാരം വകുപ്പുകളിലെ വ്യവസ്ഥകൾ ബാധകമാകത്തക്ക വിധത്തിൽ കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം 2007 , 6 ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് അറിയിക്കുന്നു.

(ഒപ്പ്)
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ
ആലപ്പുഴ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

[2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം (2007-ലെ 34) വകുപ്പ് 6(1)(ബി) പ്രകാരം ശ്രീ. അർജുൻ പാണ്ഡ്യൻ ഐ.എ.എസ്., ജില്ലാ മജിസ്ട്രേറ്റ്, തൃശ്ശൂർ പുറപ്പെടുവിക്കുന്നത്.]

നമ്പർ DCTSR/12390/2025-C4. 2025 ഒക്ടോബർ 24.

ശ്രീ. സിനോജ് (34 വയസ്സ്), S/o ചാക്കോച്ചൻ, മേലേടത്ത് വീട്, മാള പള്ളിപ്പുറം ദേശം, പള്ളിപ്പുറം വില്ലേജ്, മാള പോലീസ് സ്റ്റേഷൻ പരിധി, തൃശ്ശൂർ ജില്ല എന്നയാൾ ഇന്ത്യൻ ശിക്ഷാ നിയമത്തിന് കീഴിൽ ശിക്ഷിക്കപ്പെടാവുന്ന 3 കേസുകളിൽ കുറ്റം ചെയ്തിട്ടുണ്ടെന്ന് (അല്ലെങ്കിൽ കുറ്റം ചെയ്തിട്ടുള്ളതായി സംശയിക്കപ്പെടുന്നുവെന്ന്) ജില്ലാ പോലീസ് മേധാവി, (തൃശ്ശൂർ റൂറൽ) വിവരം തന്നിരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം (2007-ലെ 34) 3-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച DCTSR/12390/2025-C4 തീയതി 9-10-2025 നമ്പർ കരുതൽ തടങ്കൽ ഉത്തരവിൻമേൽ, മേൽപ്പറഞ്ഞ ശ്രീ. സിനോജിനെ കണ്ടെത്താൻ കഴിയുന്നില്ലെന്ന് പറഞ്ഞ് ജില്ലാ പോലീസ് മേധാവി (തൃശ്ശൂർ റൂറൽ) റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാലും, ആയതിൽ, മേൽപ്പറഞ്ഞ ശ്രീ. സിനോജ്, S/o ചാക്കോച്ചൻ ടി ഉത്തരവിലെ അറസ്റ്റ് തടയാനായി 2-10-2025-ാം തീയതി 20.15 മണിക്ക് കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുമുള്ള IX 419 നമ്പർ ഫ്ളൈറ്റിൽ സന്ദർശക വിസയിൽ അബുദാബിയിലേക്ക് പോയിട്ടുള്ളതായി എനിക്ക് ബോധ്യപ്പെടത്തക്കവണ്ണം കാണിച്ചിരിക്കുന്നതിനാലും, 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം (2007-ലെ 34) 6-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, തൃശ്ശൂർ ജില്ലയിലെ മേൽപ്പറഞ്ഞ ശ്രീ. സിനോജ്, S/o ചാക്കോച്ചൻ എന്നയാളോട്, ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം തൃശ്ശൂർ (റൂറൽ) ജില്ലാ പോലീസ് മേധാവി മുമ്പാകെ ഹാജരാകണമെന്ന് ഞാൻ ഇതിനാൽ നിർദ്ദേശിക്കുന്നു.

കളക്ടറേറ്റ്, (ഒപ്പ്)
തൃശ്ശൂർ. ജില്ലാ മജിസ്ട്രേറ്റ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

RDOPTM/1504/2025-A1 14.11.2025

വിജ്ഞാപനം

പെരിന്തൽമണ്ണ താലൂക്ക്, വടക്കാങ്ങര വില്ലേജ്, മക്കരപ്പറമ്പ് ദേശം. സർവ്വെ നമ്പർ 20/3-1 ൽ ഉൾപ്പെട്ട 4.90 ആർസ് സ്വകാര്യ നി.കെ ഭൂമി എം.എൽ.ആർ ആക്ട് പ്രകാരം പട്ടയ ഭൂമിയായി രജിസ്റ്റർ ചെയ്ത് നികുതി സ്വീകരിക്കുന്നതിന് ശ്രീമതി വനജ കെ.വി W/o രാമദാസൻ, രാഗം, വടക്കാങ്ങര, മക്കരപ്പറമ്പ് എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമി അപേക്ഷകയുടെ പേരിൽ എം.എൽ ആർ ആക്ട് പ്രകാരം പട്ടയഭൂമിയാക്കി മാറ്റി, രേഖകളിൽ മാറ്റം വരുത്തി, നികുതി സ്വീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപങ്ങൾ ഉള്ളപക്ഷം ഈ നോട്ടീസ് പരസ്യപ്പെടുത്തി 30 ദിവസത്തിനകം താഴെ ഒപ്പുവെച്ച പെരിന്തൽമണ്ണ സബ് കളക്ടർ മുമ്പാകെ രേഖാമൂലം മതിയായ തെളിവുകൾ സഹിതം എഴുതി ബോധിപ്പിക്കേണ്ടതാണ്.

നിശ്ചിത ദിവസം കഴിഞ്ഞ് ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. നിശ്ചിത ദിവസത്തിനകം ആക്ഷേപങ്ങൾ ഒന്നും ലഭിച്ചില്ല എങ്കിൽ ആർക്കു പരാതി ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സബ്കളക്ടറുടെ കാര്യാലയം ഒപ്പ്/-
പെരിന്തൽമണ്ണ സബ് കളക്ടർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.18 03:21:21 +05:30